**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 405** **28-06-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ /നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തിരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിയ്ക്ക് കൈമാറി പരസ്പര ഉടമ്പടി പ്രകാരം അടിയന്തിരമായി തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ആശുപത്രിയിൽ എന്തൊക്കെ ചികിത്സയ്ക്ക് സഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ; ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | RFP -യിലെ നിബന്ധനകൾ പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയാണ് അന്തിമ ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാറിലേയ്ക്ക് സമർപ്പിക്കുന്നത്. ഇൻഷ്വറൻസ് കമ്പനി പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ അന്തിമ എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാക്കിയാലുടൻ ഓരോ ജില്ലയിലും മെഡിസെപ് പദ്ധതിയ്ക്കായി തെരെഞ്ഞെടുത്ത ആശുപത്രികളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ